ARAM
V
RE
ARY
LN
V55

44469

DHARMARAM COLLEGE
LIBRARY
BANGALORE



വ. ടി. ശ്രീ. കള്ളടിയിൽ അന്തോസു കു.

With his best Compliments

DHARMARAM COLLEGE LIBRARY
Ac. No. 44469
Call No. LN/V55/AR

A. M. D. G.

കളപ്പുരക്കൽ പെ: ബ: ഔസ്തയോസ് മല്പാനച്ചൻ അവർകൾ

(വെളളരിങ്ങാട്ട് കൊച്ചു യാക്കോവു കത്തനാർ)

ചവുന്നൂറാമാണ്ടു് മാച്ചു മാസം ചങ്ങനാശ്ശേരി പാലാ വലിയപളളി ഇടവകയിൽപ്പെട്ട പ്രസിദ്ധവും കുലീനവുമായ ഒരു കുടുംബത്തിൽ ഒരു ശിശു ജാതനായി. ഒരു അഭിജാതനാണു് ഇന്നു് കേരളീയ കത്തോലിക്കവൈദികമണ്ഡലത്തിൽ പ്രശസ്തമായ ഒരു സ്ഥാനത്തെ അർഹിച്ചിരിക്കുന്ന വ: ടി. ശ്രീ. കളപ്പുരക്കൽ അന്ത്രയോസ കത്തനാർ അവർകൾ. ഇദ്ദേഹത്തിന്റെ നാമം കേട്ടിട്ടില്ലാത്ത കത്തോലിക്കർ കേരളീയരുടെ ഇടയിൽ ഉണ്ടാകുമെന്നതോന്നുന്നില്ല. ഇദ്ദേഹത്തെക്കുറിച്ചാണു് ഒരു ഉത്തമ കത്തോലിക്കാപ്പത്രം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നതു്.. "ശാന്തമായും നിഷ്പക്ഷമായും സാഹസമുടയോടുംകൂടി നാനാത്തിനുവേണ്ടി ഫലപ്രദമായി പരിശ്രമിച്ചിട്ടുളള ഒരു വൈദിക വര്യനാണു് അ. ക. എന്നു് ഞങ്ങൾ പ്രത്യേകം പറയേണ്ട ആവശ്യമില്ല. സഭാതല്പരനായ വൈദികൻ, ഭാഷാഭിമാനിയായ പത്രവർത്തകൻ, പൊതുഭദ്രാകാംക്ഷിയായ പ്രസംഗകൻ, ശിഷ്യവത്സലനായ ആചാര്യൻ, എന്നിങ്ങനെ വിവിധ മുഖങ്ങളിൽ ഒരു മഹാൻ കേരളീയ ലോകത്തിനു് സുപരിചിതനാണു്. തന്റെ ഉദ്യമങ്ങളെപ്പറ്റി സഹായം കൊടുക്കുകയോ, കൈക്കാണംകൊടുത്തു സ്തുതിപാഠകന്മാരെ കൈക്കലാക്കുകയോ ചെയ്യാത്തതുകൊണ്ടു ഇദ്ദേഹത്തിന്റെ കീർത്തി വേണ്ടവിധത്തിൽ പരന്നിട്ടില്ലെങ്കിൽ അതിനു കൃതഘ്നരായ ഒരു ജനസമുദായത്തെയാണു പഴിക്കേണ്ടതു. എന്തായാലും അ. ക. അവർകളുടെ പല സൽകൃത്യങ്ങളും അദ്ദേഹത്തിനു ശാശ്വത സ്മാരകങ്ങളായി പരിലസിക്കുമെന്നുളളതിനു സംശയമില്ല:..."

(ക: ദീ: പു: പ്ര: ല: പ്ര: പ: 110)

ഇദ്ദേഹത്തിന്റെ സുറിയാനിമല്പാൻ പദാരോഹണത്തിന്റെ രജതജൂബിലി മഹോത്സവം ശിഷ്യലോകത്താൽ അത്യന്തം അഭിമാനകരമായും, അനുമോദനീയമായും ആഘോഷിക്കപ്പെട്ട വസ്തുത പരസ്യമാണല്ലൊ. പ്രസ്തുത ആഘോഷം ശിഷ്യഗണത്തിലെന്നല്ല കേരളീയ കത്തോലിക്ക വൈദിക ലോകത്തിലും അനശ്വര സ്മരണീയമായ ഒരു ശുഭവൃത്താന്തമായി പരിണമിച്ചിരിക്കുന്നു. ഒരു ജൂബിലിസംബന്ധമായി പ്രസിദ്ധീകരിക്കുന്ന ഒരു റിപ്പോർട്ടിൽ ഏതഭിഷിയിച്ചതനായ ആവന്ദ്യന്റെ ജീവചരിത്രത്തെക്കൂടി സംഗ്രഹിക്കാതിരിക്കുക വിഹിതമല്ലല്ലൊ. എന്നാൽ ജീവിച്ചിരിക്കുന്ന ഒരാളുടെ ജീവചരിത്രം എഴുതുകകുറെ ദുഷ്കരമായ ഒരു കൃത്യമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. "സാതിശയനായ വൈദികൻ" എന്നുളള കു: ദീ: അർത്ഥവത്തായ പ്രസ്താവനയിൽ ഈ ഉദ്യമം സംക്ഷേപിക്കാമെന്നിരുന്നാലും സത്യാഭിമാനത്തെയും കൃത്യനിഷ്കരണത്തെയും പുരസ്സരിച്ചു കുറഞ്ഞൊന്നു പ്രസ്താവിച്ചുകൊളളുന്നു.

വിദ്യാഭ്യാസം. ഇന്നത്തെപ്പോലെ ഇത്ര പരിഷ്കൃതമായ ഒരു വിദ്യാഭ്യാസം അന്നത്തെ വൈദിക വിദ്യാർത്ഥികൾക്കു ലഭിച്ചിരുന്നില്ല. കേരളീയ വൈദികർ ഓരോരോ മല്പാന്മാരുടെ കീഴിലും പലപല സ്ഥലങ്ങളിലും പഠിക്കുകയായിരുന്നു പതിവു്. നമ്മുടെ മല്പാനച്ചന്റെ ബാല്യകാലത്തു് പാലാമുതലായ കിഴക്കൻ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന മല്പാന്മാരിൽ അദ്വിതീയനായ ഒരാളായിരുന്ന കണിയാംകുന്നു് മാണി കത്തനാർ. ഇദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്ന വിദ്യാർത്ഥിഗണത്തിൽ "കണ്ണന്ത്രയോസും" ഉൾപ്പെട്ടിരുന്നു. (മല്പാൻ ഒരു നാമമാത്രമല്ലാതെ ചെറുപ്പക്കാലത്തു സംബോധനചെയ്യപ്പെട്ടിരുന്ന

ത്തി കുഞ്ഞ: അ: നെ പട്ടത്തിനു പഠിപ്പിക്കുന്ന കാര്യത്തിൽ മാതാപിതാക്കന്മാർ ആരംഭി
ന്നാഭിപ്രായക്കാരായിരുന്നു. തന്റെ മകൻ മത്തായി ശമ്മാശു അപ്പൂണ്ട പട്ടക്കാരനായ കാ
ലത്തു തന്നെ പ്രാപിച്ചതിനോടുകൂടെ തന്റെപിതാവും രംപ്പൻ ഭഗ്നോത്സാഹിയായിത്തീ
രുകയും മേലാൽ പട്ടത്തിനു ആരെയുംതന്നെ അയക്കുന്നതല്ലെന്നും ഇഷ്ട പുത്രനായ
കു: അ: നെ വിവാഹം കഴിപ്പിച്ചു ഗൃഹസ്ഥജീവിതത്തിലാക്കേണമെന്നും നിശ്ചയിക്കയും
ചെയ്തു. പിതാവിന്റെ രംപ അഭിപ്രായം സഫലീഭവിച്ചിരുന്നെങ്കിൽ ഇന്നെങ്ങിനെയാണോ
നമ്മുടെ സമുദായത്തിനു അന്ത്യയോഗ മല്പാനച്ചനെ ലഭിക്കുക? പിതാവിന്റെ ഇഷ്ടംസാ
ധിക്കുവാൻ അല്പായിരുന്ന ദൈവത്തിന്റെ ഇഷ്ടം. ദൈവത്തോടു ഏറ്റം അടുത്ത സഹക
രണിയായ സ്ത്രീതന്നെ- അതെ നമ്മുടെ ബാലന്റെ അമ്മ അനസ്യൂതം തന്നെയാണു അ
പ്പന്റെ നിരാശാകലുഷമായ പ്രസ്തുതാഭിപ്രായത്തെ നീക്കി ദൈവേഷ്ടാനുസരണം കുട്ടി
യെ വൈദികാന്തസ്സിലേക്കുദ്യമിപ്പിച്ചതു. "നമ്മുടെ കുഞ്ഞന്ത്രയോസു കൂടി പോയിമല്പാ
നച്ചന്റെ അടുക്കൽ താമസിച്ചു പഠിക്കുവാൻ ഒന്നാലോചിച്ചു വിടണമേ! അവന്റെ ജ്യേ
ഷ്ഠൻ പഠിക്കണമെന്നാണല്ലോ." എന്നിങ്ങനെ മുട്ടിച്ചുകൊണ്ടു അമ്മ പ്രാർത്ഥന ചെയ്തു.
"നമ്മുടെ അച്ചൻ രണ്ടാം വയസ്സിൽ മരിച്ചു. നമ്മുടെ ശമ്മാശ്ശൻ പതിനാറാം വയസ്സിലും മര
ണംപ്രാപിച്ചു. ഇനി ഏതായാലും ആരെയും അയക്കുവാൻ കഴികയില്ല" എന്നായിരുന്ന അ
പ്പന്റെ ന്യായം. എന്തിനധികം വിസ്തരിക്കുന്നു ഒടുവിൽ മാണി മല്പാനച്ചന്റേയും അമ്മ
യുടേയും ആഗ്രഹാനുസരണം കുട്ടിയെ പുത്തൻപള്ളിയിലേക്കുതന്നെ അയച്ചു. കർമ്മഖാണ്ഡ
ത്തിലുള്ള അന്യായശേനിഷ്ക്കർഷകളും കൃത്യനിഷ്ഠകളുംമറ്റും സുപ്രസിദ്ധനായ മല്പാനച്ചന്റെ
കീഴിൽ കുറഞ്ഞൊരുനാൾ നമ്മുടെ ബാലൻ വേദമുറകളും സുറിയാനി ഭാഷയും അഭ്യസി
ക്കയുണ്ടായി. ഇതിനിടയിൽ പുണ്യാഭ്യാസത്തിലും ബാലൻ വളരെ ശ്രദ്ധാലുത്വം പ്രദർശിപ്പി
ച്ചുവന്നു.

ഒരനുഗ്രഹം. കുട്ടികൾ പ്രകൃത്യാ വിനോദപ്രിയന്മാരും വിചാരശൂന്യന്മാ
രുമാണല്ലൊ. എന്നാൽ നമ്മുടെ ബാലൻ ജന്മനാശാന്തനും പരിശ്രമശീലനും സമാധാന
പ്രിയനുമായിരുന്നു. ഒരിക്കൽ സഹപാഠികൾകൂടി നടത്തിയ ഒരു ബാലിശവികൃതിയെപ്പ
റ്റി മല്പാനച്ചൻ മാരോടുത്തനേയും വിളിച്ചു ചോദിച്ചാറെ സംഗതിയുടെ രഹസ്യച്ചുരുൾ ല
ഭിച്ചില്ല. പഠിച്ച പണിയെല്ലാം നോക്കിയിട്ടും ആരും സത്യം പറഞ്ഞതുമില്ല. ഒടുവിൽ മല്പാ
നച്ചൻ കു: അ: നെ വിളിച്ചു ചോദിച്ചു. ഉടൻ ബാലനു സഹപാഠികളുടെ തെറ്റിനോടു അ
ശ്ലേഷം അനുകമ്പയുണ്ടായതേയില്ല. എത്രതന്നെ ആയാലും ഒരിക്കലും അസത്യം പറയരു
തല്ലൊ എന്നുള്ള വിചാരത്താൽ, ഉണ്ടായ സംഗതി പരമാർത്ഥമുഖ്യാ ബാലൻ ഗുരുവിനെ
ബോധിപ്പിച്ചു. തൽക്ഷണം ഇതര ശിഷ്യരാൽ വഞ്ചിതനും വയോവൃദ്ധനുമായ മല്പാൻ,
തന്റെ ശിഷ്യന്റെ സത്യസന്ധതയിൽ പരമസന്തുഷ്ടനായി ഏതയപൂർവ്വം ബാലനെ
ആശീർവ്വദിച്ചനുഗ്രഹിക്കയുണ്ടായി. "കുഞ്ഞേ നിനക്കു എന്നും നന്നായിവരും ദൈവം നി
ന്നെ അനുഗ്രഹിക്കും' എന്നുള്ള ഒരു ഗുരുപ്രവചനം കണ്ടിടത്തോളം സഫലീഭവിച്ചിരിക്കു
ന്നു: 'അവന്റെ തലയിൽതങ്ങു മാശിസ്സെന്നു ധരിക്കണം' (XI. 16. Prov:)
'സത്യം വിടാത്തവൻ ദൈവത്തിന്നുള്ളമ്മാസ്തമെപ്പോഴും' XII 22. സുഭാഷിതം.

ഉന്നത വിദ്യാഭ്യാസം. കുഞ്ഞന്ത്രു: ന്റെ പ്രാരംഭ വിദ്യാഭ്യാസശേ അഥവാ വി
ദ്യാഭ്യാസ പ്രാഥമികഘട്ടം, ഉദയം പുത്തൻപള്ളി, പ്രവിത്താനം, മാന്നാനം എന്നീസ്ഥല
ങ്ങളിൽ കഴിഞ്ഞുകൂടി. ഇക്കാലത്താണ് കേരളീയ കത്തോലിക്ക വൈദികവിദ്യാ കേന്ദ്രമാ
യ വരാപ്പുഴെ ഒരു പൊതു സെമ്മനാരി സ്ഥാപിച്ച് വൈദിക വിദ്യാർത്ഥികൾക്ക് കാലോ

ചിതവും പൂർവ്വാധികവുമായ ജാഗ്രത്തും ഒരുക്കുവാൻ മേലദ്ധ്യക്ഷന്മാർ തീരുമാനിച്ചതു. തദനുസരണം പല എഴുന്നള്ളത്തുകളും നടത്തി. ഒരു നവീന വ്യവസ്ഥാനുസരണം മാന്നാനം സിമ്മനാരിയിൽനിന്നും വരാപ്പുഴക്കു അയക്കപ്പെട്ട വിദ്യാർത്ഥികളിൽ അഃ ശഃ നും ഉൾപ്പെട്ടിരുന്നു. അനിതര സാധാരണ ബുദ്ധി വൈഭവത്താലോ അസാമാന്യ സാമർത്ഥ്യ പ്രകടനത്താലോ, ഉല്ലഭസിദ്ധമായ വാഗ്ധോരണിയാലോ ഒരു വിദ്യാർത്ഥി ഇതര വിദ്യാർത്ഥികളെ അതിശയിച്ചിരുന്നില്ല. പ്രത്യുത വിനയം വൈവേചാരം, ശാന്തത, സ്നേഹം, ആർദ്രത മുതലായ കഥാനായകന്റെ പ്രത്യേക ഗുണങ്ങൾ അദ്ദേഹത്തിന്റെ അക്ഷീണ ശ്രമത്തോടു സങ്കലിച്ചപ്പോൾ അതു തന്റെ ഭാവിപ്രസിദ്ധിക്കും പൊതുക്കായ്ക്കു പ്രസക്തിക്കും ശിലാസ്ഥാപനമായി ഭവിച്ചു. അന്യാദൃശ ഗുണവിശേഷങ്ങളാൽ അനുഗ്രഹിതരല്ലാത്ത സാധാരണന്മാർക്കും അശ്രാന്ത പരിശ്രമത്താലും ജീവിതസാർത്ഥീകരണത്താലും പ്രസിദ്ധനാമാക്കളായി സമുദായ പ്രധാനികളായി അനന്യസാധാരണാർഹന്മാരായി ജീവിതോദ്ദേശ്യം നേടാമെന്നുള്ളതിലേക്കു നമ്മുടെ മല്ലുനച്ചൻ, അദ്ദേഹത്തിന്റെയും നമ്മുടേയും പരിതഃസ്ഥിതികൾ പരിഗണനം ചെയ്യുമ്പോൾ ഒരുത്തമോദാഹരണമാണെന്നു നിശ്ശങ്കം പറയാം.

ഒരു ദിഷ്ടാന്ത പാഠം. ഒരിക്കൽ ഗംഭീരശ്രീമാനായ ഒരു ഇമ്മൽ മൂപ്പച്ചന്റെ അടുക്കൽ അഃ ശഃ നിന്നു നില ശാശ്വതമായ ഒരു ഗുണപാഠം നമുക്കുപദേശിക്കുന്നു. ഒരു മൂപ്പച്ചൻ മഠാധിപമല്ല, 'റെക്ടർ' സ്ഥാനത്തെ സൂചീകരിച്ചിട്ടുള്ള വ. ദി. ശ്രീ. ബ്രാനിഫാസ്സച്ചനവർകളാണു. നമ്മുടെ രമ്മ. ന ഒരു പുസ്തകം വാങ്ങണമെന്നുള്ളതാണു ഒരു കൂടിക്കാഴ്ചയുടെ ആധാരം. എന്നാൽ പണത്തിനു തല്ക്കാലകുറവു വിഷമമുണ്ടു. എന്നിട്ടും അഃ ശഃ പുസ്തകം വാങ്ങിയെകഴിയൂ. "തനിക്കെവിടെയാണിതുവളരെ ശ്രമപ്പെട്ടു താൻ ആശിച്ചുപ്പെട്ടന്ന പുസ്തകത്തിനു വിലകൂടുതൽ കൊണ്ടാലി അല്പാപ്പിടുടെ വ്യത്യാസത്തിനെ ഇത്ര വിലയുണ്ടെന്നു തനിക്കറിയാമൊ? അതിനാൽ ഇപ്പോൾ ഒരു പുസ്തകം താൻ വാങ്ങിക്കേണ്ടാ" എന്നിങ്ങനെയായിരുന്നു മൂപ്പച്ചന്റെ ഉത്തരം. "അതുപോരാ പുസ്തകം എനിക്കു അത്യാവശ്യമാണു. വിലയുടെകാര്യം അങ്ങു അറിയേണ്ടാ. കരുതുപാ ഇതാ കയ്യോടെ സ്വീകരിച്ചാലും. ശേഷം ശ്രമപാ തന്നുതീർത്തിനുമേൽ ഒരു "കടക്കാരൻ" (ഓരോ പവൻ വിലയുള്ള കഫ് ബട്ടൻസ്) തിരിച്ചുതന്നാൽമതി" എന്ന സമാധാനം പറഞ്ഞുകൊണ്ടു അഃ പുസ്തകത്തിനു ഏറ്റുപാട് വെയ്യുമുണ്ടായി. വേറെപുസ്തക വ്യാഖ്യാനത്തിനു എത്ര സച്ചുക്കളുടുക്കുകൾ കൊടുത്താലെത്തുന്ന അമൂല്യമായ ഗ്രന്ഥത്തിനു എങ്ങനെയാണു മൂല്യം നിശ്ചയിക്കുകയും ഒരു തത്വം സമ്മാനമായി ഗ്രഹിച്ചതിനാലല്ലയൊ ഒരു അഃ അനന്തരകാലത്തു സന്ന്യസ്ഥാശ്രമവും 'പ്രസ്സിലും' ഗ്രന്ഥത്തിലും വിനാശകരമായി നിക്ഷേപിച്ചതു. ഏതായാലും നമ്മുടെ അഃ പഠിക്കുന്ന കാലത്തുതന്നെ പഠിപ്പിക്കയുംചെയ്തു. ഏതൻമൂലം 'മല്ലുതപം' (ഗ്രന്ഥസ്ഥാനം) വിദ്യാഭ്യാസകാലത്തെ വഹിച്ചുകഴിഞ്ഞു എന്നുപറയാം.

ഗുരുപട്ടാഭിഷേകം. ദൈവരാജ്യമായ ക്രീസ്തുവിന്റെ കത്തോലിക്കാസഭാ സാമ്രാജ്യത്തിൽ ഔന്നത്യംകൊണ്ടും, മാഹാത്മ്യംകൊണ്ടും, സ്ഥാപനംകൊണ്ടും സർവ്വസംപൂജ്യവും ദിവ്യവുമായിട്ടുള്ള ഒരു ആത്മികോദ്യോഗമാണല്ലൊ പൌരോഹിത്യം അഥവാ പട്ടം. ഈ മഹോന്നതമായ പദസ്വീകരണത്തിന് ആരും യോഗ്യരല്ലെന്നിരുന്നാലും, ഓരോരുത്തരും യഥാശക്തി യോഗ്യരാകേണമെന്നുമാത്രമേ ദിവ്യഗുരു പ്രമാണിക്കുന്നുള്ളു. നമ്മുടെ കഥാനായകനു തന്നാൽ പാടുപോലെ ഒരു മഹോദ്യോഗത്തിനു തയ്യാറായി ദൈവേഷ്ടത്തിനു കയ്യാളിച്ചു കൊണ്ടു ഒരു ക്രിസ്തുമാസ് കാലത്തു വരാപ്പുഴെ പുത്തൻപള്ളി സിമ്മിനാരിയിൽവെ

ച്ച് ഇദ്ദേഹം ഉരുപ്പട്ടമേറെ ടി. ഏപ്രിൽ ഫൂൽ നവപൂജ അണച്ചു ഇങ്ങനെ മിശിഹായെ ടെമുന്തിരിത്തോട്ടത്തിൽ ഒരു വിശ്വസ്ത ശുശ്രൂഷി ഉണ്ടായി.

മല്പാനച്ചൻ. ഉരുപ്പട്ടമെല്ലാസതിരു കഴച്ച മുൻപെ, അത്രയോസച്ചൻ സുറിയാനി പഠിപ്പിക്കുവാനല്പക്കുതനായിരുന്നു. അദ്ദേഹം ഒരു ഡീക്കൻ പിള്ളാത്ത ആയിരിക്കുമ്പോൾ, കവുൻ ഫെബ്രുവരി കാരം സുറിയാനി മല്പാനായി നിയമിതനായി. എന്നാൽ ശ്രേഷ്ഠവും ഉന്നതവുമായ അദ്ധ്യാപക സ്ഥാനത്തെ യഥാവിധി അലങ്കരിക്കുക ശ്രമകരമായി തോന്നിയതിനാൽ പുറമെ അദ്ദേഹത്തിന്റെ ചിരകാല പ്രതീക്ഷിതമായ മുഖ്യവിചാരം കമ്മെലസഭയിൽ ചേരണമെന്നുമായിരുന്നു. തൻറെപിതൃസോദരനായ ബഃ മത്തായി അച്ചൻ കഃ നിഃ മൂഃ സഭയുടെ ആരംഭക്കാരിൽ ഒരുത്തമനായി പ്രകാശിച്ചിരുന്നതിനാലോ എന്തോ ബാല്യകാലത്തുതന്നെ ശ്രുദ്ധമൂലമായിരുന്ന ഈ ആശാലത ഉത്തരോത്തരം തഴച്ചു വളരുകയും ഒടുവിൽ നമ്മുടെ നവവൈദികൻ, മല്പാൻസ്ഥാനവും ഇടവക പട്ടതവും വിട്ട് പൊവേതയിൽ ചേർന്ന് സന്ന്യസിക്കുവാൻ, മേല്പട്ടക്കാരനോട് അനുവാദം അപേക്ഷിക്കുകയുംചെയ്തു. എന്നാൽ അന്നത്തെ മെത്രാനായിരുന്ന ഡാക്ടർ ലവീഞ്ഞ് ഈ അപേക്ഷയെനിശ്ശേഷം നിരാകരിച്ച് അ. അ. ഒന സിമ്മനാരിയിലെ മല്പാനായി സ്ഥിരീകരിച്ചു. സാമാന്യജ്ഞാനമായ ഒരു വൈദികൻ ഒരു മഠാ പണ്ഡിത മണ്ഡപത്തെ അലങ്കരിക്കേണ്ടതായിരുന്ന അന്നത്തെ അത്യാവശ്യം. നമ്മുടെ സമുദായത്തിന്റെ ശിരോലങ്കാരമായി മഹാപ്രതിഭാശാലികളായിരുന്ന പല പൂർവ്വ മല്പാന്മാരിലുംകുറഞ്ഞിലുമായിരുന്നെങ്കിൽ സമുചിതനായിരുന്നേനെ. എന്നിരുന്നാലും ഈ യുവ മല്പാനച്ചന്റെ അതിശയനീയമായ പരിശ്രമത്താലും ഭാഷാഭിമാനത്താലും ഈ മഹൽസ്ഥാനം അനവലപനീയമാംവണ്ണം പരിഹരിക്കപ്പെട്ടു എന്നു കൃതാർത്ഥതയോടെ പറയാം.

സുറിയാനി ഭാഷാപ്രണയം. ദേശഭാഷാഭിമാനങ്ങൾ പ്രകൃതിജന്യങ്ങളാണല്ലൊ. എന്നാൽ നമ്മുടെ സ്വഭാവത്തിൽ ഇത്ര ശ്രുദ്ധമൂലമായിരിക്കുന്ന ഈ ഗുണവിശേഷങ്ങൾ ചില സന്ദർഭവശാലെഴുകെ പലരിലും മറഞ്ഞിരിച്ചാണിരിക്കുക. എന്നാൽ സാഹചര്യങ്ങളുണ്ടെ അഭിമാനാലയനെ യഥോചിതം ഉജ്ജീവിപ്പിക്കുന്നതെന്നുള്ളതും വിസ്മരണീയമല്ല. എങ്ങനെ ആയിരുന്നാലും നമ്മുടെ കഥാപുരുഷൻ ഭാഷാഭിമാനത്തിലും, സമുദായാഭിമാനത്തിലും പൊതുക്കാര്യ പ്രസക്തിയിലും അദ്വിതീയനായിരുന്നെന്ന് നിർവ്വിസരബുദ്ധികൾ സശിരഃകമ്പം സംശയിക്കുന്നതല്ല. ഒരുതരത്തിൽ ആലോചിക്കുമ്പോൾ നിർഭാഗ്യവശാലല്ല ഭാഗ്യവശാലാണ്, സുറിയാനി രീതിയ്ക്ക് ഇന്നാട്ടിൽ വേരുന്നിയത് എന്നതെപറയാം. എന്നാൽ ഇത്ര വിദൂരസ്ഥിതമായി, ഒരുകാലത്ത് പലേ ഹേതുക്കളാൽ തായിത്തണ്ടിൽനിന്നു നിശ്ശേഷം ഖണ്ഡിതമായ ഈ വിദേശഭാഷയ്ക്ക് സ്വദേശത്ത് പല ജയാപജയങ്ങളും നേരിടുകൊണ്ടിരുന്ന വൃത്താന്തം പരസ്യമായ ഒരു രഹസ്യമാണല്ലൊ! ഉൽക്കൃഷ്ടത്തെക്കാൾ അതിനിപ്പോൾ അപകൃഷ്ടമല്ലയൊ അവശേഷിച്ചിരിക്കുന്നത് എന്നു ശങ്കിക്കേണ്ട ആവശ്യവുമില്ലത്രെ. ഏതാശ്ചര്യമായ ഒരവസ്ഥയെ നിഷ്കർഷിക്കുന്ന നാനാ കാരണങ്ങൾ കാൺമ്പോൾ ഇതിങ്ങനെ അല്ലാതെ വരിക എങ്ങനെയാണ്?

ന. മല്പാനച്ചൻ സുറിയാനി ഭാഷാപണ്ഡിതനായി നിയമിക്കപ്പെട്ട സന്ദർഭം, സുറിയാനി പഠനം ക്ഷയോന്മുഖീ ഭവിച്ചുകൊണ്ടിരുന്ന ഒരു ഘട്ടമായിരുന്നു. കേരളീയ വൈദികവിദ്യാ കേന്ദ്രമായിരുന്ന വരാപ്പുഴ സിമ്മനാരിയിൽ ലത്തീൻഭാഷ പ്രബലീ ഭവിക്കയും സുറിയാനി ഏറക്കുറെ അനാദരിക്കപ്പെടുകയുംചെയ്തു. നമ്മുടെ മല്പാൻ അവർ പഠിപ്പിക്കുവാൻ തുടങ്ങിയ കാലത്തു്, ആയുസിൽ അനദ്ധ്യയന ദിവസങ്ങളിൽ, അല്ലാ ഒരു മണി

ക്കുർ മാത്രം ആണ്ട, സുറിയാനി പഠനത്തിനായി നിശ്ചയിക്കപ്പെട്ടിരുന്ന സമയം! നാമ മാത്രമായ ഒരു അനാശാസ്യ പാഠ്യ വിവരപ്പട്ടികയനുസരിച്ച്, സിറ്റൻ വിദ്യാർത്ഥികൾ ഏകദേശം ഒന്നിച്ചുകൂടി കമ്മഖംബ്ദ വായനാപരിശീലനവും സാമാന്യാർത്ഥ പഠനവും കഴിക്ക പതിവായിരുന്നു. എന്നാൽ കേവലം പരിതാപകരമായ ഒരു അവസ്ഥയെ ഭേദപ്പെട്ട തൊതെ സപ്തതിയിൽ പാലിച്ചുകൊണ്ടുപോകുക അസാദ്ധ്യമായിരുന്നു. ഒരു തരുണനെ ത രുണംചെയ്യേണ്ടതായ ബുദ്ധിമുട്ടു യുവമല്ലാവ് ആത്മാവും സർവ്വോപരിയായും നേരിട്ടു. കാ ഴ്ച്ച ക്ഷമതയും, സ്ഥിരോത്സാഹവും നയവൈശിഷ്ടവും ഒരു ഉദ്ഘട ഘട്ടത്തിൽ മല്ലനെ വിജ യംനൽകി. കാലക്രമേണ സുറിയാനിഭാഷക്കും ഗണനീയമായ ഒരു സ്ഥാനം മല്ലൻ വാ ങ്ങിക്കൊടുത്തു. സുറിയാനിയും ലത്തീനോടു സഹോദരിതുല്യം ഭാവിച്ചുതുടങ്ങി. മുമ്പ് ആഴ്ച യിൽ ഒരുദിവസം ഒരു മണിക്കൂർനേരത്തേക്കു മാത്രമുണ്ടായിരുന്ന പഠനം, പ്രതിദിനം ഓ രോ മണിക്കൂർ നേരത്തേക്കായി പരിവർത്തിച്ചു. എന്തിനധികം വിസ്തരിക്കുന്നു എല്ലാ ക്ലാ സുകളിലും എല്ലാ പഠനദിവസങ്ങളിലും ഇതര വിഷയങ്ങൾക്കുള്ളതുപോലെ സുറിയാനി ക്കും ഒരു 'പീരിയഡ്' ലഭിച്ചു. ഇത്രയും ഹസ്തഗതമാക്കുന്നതിൽ മല്ലനു നേരിട്ട ക്ലേശങ്ങ ൾ ഒട്ടുംതന്നെ നിസ്സാരങ്ങളല്ലായിരുന്നു. ഇതോടുകൂടി ഇടക്കാലത്തു സുറിയാനിപഠനത്തി നു സിമ്മനാരിയിൽ അത്ഭുതപൂർവ്വമായ ഒരുണർവ്വ് ഉണ്ടാകാതിരുന്നില്ല. കാലക്രമേണ സ ഹായാദ്ധ്യാപകനായി, സഹശിഷ്യനും ഭാഷാപരിജ്ഞാനിയുമായ പുത്തരിക്കൽ വേ: മത്താ യിയച്ചൻകൂടി നിയമിതനായതും സുറിയാനി പഠനത്തെ വളരെ സഹായിച്ചിട്ടുണ്ട്.

പാഠ്യപുസ്തകങ്ങൾ. സാമുദായിക ചിന്താഭാവംകൊണ്ടോ ധന ദുർഭിക്ഷത കൊണ്ടോ പരിശ്രമ രാഹിത്യംകൊണ്ടോ എന്തൊരു ഇത്ര പൈതൃകവും അഭിമാനതീ ക്ഷ്ണവുമായ നമ്മുടെ കേരളീയ സമുദായത്തിനു സ്വന്തമായ ഒരു സുറിയാനിയച്ചടിശാലയെ യ അഭ്യാവശ്യങ്ങളായ ഗ്രന്ഥങ്ങളെ ഇല്ലായിരുന്നു. 'പന്തുവന്നു പിന്നെ ഒടെവും തുണ ച്ചീട്ടം' എന്നു നിനച്ചുകൊണ്ടു തന്നാൽ ശക്യമായതു ചെയ്യുക എന്നു നമ്മുടെ മല്ലനും തീർച്ച യാക്കി. പൂർവ്വകാലംമുതല്ക്കേ ഉപയോഗിച്ചുവന്ന സുറിയനി വ്യാകരണം, വേസ്തരക്രമം ആ ദിയായ പലപുസ്തകങ്ങളും കൈയെഴുത്തായിരുന്നു. (ഒട്ടിപ്പം ചില അപവാദമൊഴികെ) ഒരു 'ക്രമത്തി' എഴുതുന്നതിലും എഴുതിക്കുന്നതിലും നമ്മുടെ പൂർവ്വികന്മാർ ധനംകൊണ്ടും തനു കൊണ്ടും മനംകൊണ്ടും സഹിച്ച കഷ്ടപ്പാടുകൾ ഇത്രയെന്നു പറയുക അസാദ്ധ്യമത്രെ. മാ ത്രവുമല്ല ഇന്നീഗതനരാൽ ഒരു ക്ലേശ മാർഗ്ഗം അശ്ലേഷം അവലംബ്യമല്ലതാനും. ഒരു ഇരു പതാം നൂറാണ്ടിൽ ലോകത്തിലുള്ള എല്ലാ പരിഷ്കൃത പ്രസ്ഥാനങ്ങളും ക്രമത്തെയും സമ യത്തെയും ലാഭിക്കുവാൻവേണ്ടി അഭിനവീകൃതങ്ങളായി പൂർവ്വവൽ സംസ്കരിക്കപ്പെടുകയാ ണല്ലൊ. ഒരു രഹസ്യം ഏതിസ്യാമാക്കിക്കൊണ്ട്, ന. മല്ലാ: സപ്രയത്നത്താൽ ഒരച്ചുകൂടം സ്ഥാപിച്ചു. ആധുനിക വൈദ്യിക വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു സ്ഥാപനം നാനാ ക്ലേശ നരകത്തിൽനിന്നുള്ള ഒരു സുഖമോക്ഷമായിതീർന്നു.

പ്രസ്സുണ്ടായാൽ വിഷമം തീർന്നോ? പുസ്തകങ്ങൾ വേണ്ടയൊ? വ്യാകരണവും നിഘ ണ്ടുവും ചുമക്കുണ്ട ഭാരവും മല്ലൻ ശിരസാ വഹിക്കേണ്ടിവന്നു. വല്ലതരത്തിലും 'ഞാനും പുസ്തകമുണ്ടാക്കി' എന്നമട്ടിൽ എഴുതിക്കൂട്ടിയാൽ മതിയൊ? കേരളപാണിനീയം, സാഹി ത്യസംഹ്യം, മണിദീപിക മുതലായ വ്യാകരണങ്ങൾ പഠിച്ചുവരുന്ന വിദ്യാർത്ഥികൾക്കു പ ഴയ മട്ടിലുള്ള 'ക്രമത്തി' ക്ലേശഭൂയിഷ്ഠമായ ഒരു പുസ്തകമായിരിക്കാനെ ഇടയുള്ളുവല്ലൊ! അ തിനാൽ കാലാനുരൂപമായ ഒരു വ്യാകരണം അത്യന്താപേക്ഷിതമായി. ഒരു ആവശ്യത്തെ യും ന. മ. സാമാന്യം നല്ലവണ്ണം പരിഹരിച്ചു. സുറി: മല: മൂല: സു: നിഘണ്ടുകളും രചി

ച്ചു. ംരം സംഗതികൾ ആലോചിക്കുമ്പോൾ കേരളീയ സൂര്യാനിയെ സംബന്ധിച്ചിടത്തോളം മല്ലാൻ ഒരു 'സീയ്യൻ പാണിനി' എന്ന് അതിശയോക്തി സ്സംക്രുടാതെ പറയുന്നതോ?

ഇതര ഗ്രന്ഥങ്ങൾ.

കൂടാതെയും സൂര്യാനി ഭാഷാകൃതികളുടെ കുറവിനെ പരിഹരിപ്പാൻവേണ്ടി ഇതുപര്യന്തം മുദ്രിതമാകാതിരുന്ന 'മഗ് നാഞ്ചിസ്' എന്ന അമൂല്യ ഗ്രന്ഥത്തെ പണംകൊണ്ടും ബുദ്ധികൊണ്ടും വളരെ കഷ്ടപ്പെട്ടു അച്ചടിച്ചിറക്കീട്ടുള്ളതും ഒരിക്കലും വിസ്മരിച്ചുകൂടാ. കർമ്മഖണ്ഡത്തിൽപെട്ട തുർമാടം, ഗുംസാം, മാ ഒഹീസമെത്താടോസ ക്രുടോശക്രമം, കാനോന നമസ്സാരക്രമം, വാസ്തുക്രാസ, രോഗിസന്ദർശനി, ഗുംസോൻ മുതലായിതരാതരത്തിലുള്ള പുസ്തകങ്ങളാൽ നാനാതരത്തിൽ ഇടവിനാതനരുടെ ക്ലേശത്തെ ഉൻമൂലനംചെയ്ത അവരെ സഹായിച്ചിട്ടുള്ളതോർക്കുമ്പോൾ മല്ലാനച്ചൻറെ മുദ്രാലയവും ഗ്രന്ഥസമുച്ചയവും എന്നും ക്രുതജ്ഞതാർഹവും ഉപകാരസ്മരണാർഹവുമത്രെ.

ംരം ഗ്രന്ഥ സമുച്ചയം പുണ്ണ്യമോ അന്യനമോ അല്ലെങ്കിൽ അതിനെ പഴിക്കേണ്ടതു്, നഃ മ: നെ അല്ലാതാനും. പൂതിയ തിരുനാളുകൾ ചേത്തും മറവും തക്കം അടിക്കുന്നതിനുള്ള അന്തവാടത്തിനായി റോമായാത്ര കഴിച്ചതും തൻറെ ംരം പ്രയാണം സഫലമായിത്തീർന്നതും 'സീറൊ മലബാർ റീത്തു'ള്ള കാലത്തോളം തൻറെ സുപ്രസിദ്ധ നാമത്തെ കീർത്തിക്കുന്നതിനു ധാരാളം മതിയായ കാരണമാണെന്നതിൽ പക്ഷാന്തരമില്ല.

സ്വഭാഷാഭിമാനം.

"മോർ തോമ്മാ ശ്ലീഹാ പ്രസ്സു" സൂര്യാനി അച്ചുകളെ മാത്രമല്ലെന്നും ഗ്രഹിക്കുന്നതു. അതൊരു മലയാള അച്ചുകുടംക്രുടെ ആണു.. ഇവിടെനിന്നാണു ക്രുത്യനിഷ്ഠനായ 'വൈദികൻ' കേരളീയ പത്രനട്സ്സിലേക്കു കയറി പ്രചുരപ്രചാരം പ്രാപിച്ചതു.

ംരംയിട മഹനായ ഒരു കട്ടിനാൽ പ്രസ്സാവിച്ചതിൻവണ്ണം ബ്രഹ്മാണ്ഡമായ ദേവാലയങ്ങളും അരമനകളും പണിയേണ്ടതായ കാലം കഴിഞ്ഞുപോയി എന്നും ഇന്നത്തെ മുഖ്യാവശ്യം മുദ്രാലയ ദേവപ്രചാരമാണെന്നും, ഏതുഭാഷയുങ്കളിൽ ദേശഭാഷാഭിമാനങ്ങൾ സർവ്വോപരി പ്രദർശിപ്പിക്കേണ്ടിയിരിക്കുന്ന എന്നുമുള്ള ആയ്വുവിചാരങ്ങളാണ് ഒരു മലയാള മാസിക പുറപ്പെടുവിപ്പാൻ മല്ലാനച്ചനെ പ്രേരിപ്പിച്ചതു്. ഇതു 'വൈദിക' നായ്യ കത്തോലിക്കാ സാഹിത്യ ഗ്രന്ഥദുർഭിക്ഷത്തെ പരിഹരിക്കുവാനുണ്ടായ പാവനോദ്ദേശ്യത്താലാകുന്നു. ംരം മാസികമുഖേന അണിയറയിലിരുന്ന എത്രയെത്ര വൈദികരാണ് ശങ്കുവെടിഞ്ഞു, സാഹിത്യരംഗത്തെക്കു പ്രവേശിപ്പാൻ ധൈര്യപ്പെട്ടതെന്ന പ്രത്യേകം പ്രസ്താവിക്കേണ്ടല്ലൊ. 'വൈദിക'ൻകത്തനാരച്ചന്മാരുടെ വെറും ഒരു എഴുത്തുപെട്ടി അല്ലായിരുന്നു, മിസ്റ്റർ എ. സി. ചാക്കോ ... മുതലായ പണ്ഡിതന്മാരും അതിൻറെ ലേഖകന്മാരായിരുന്ന എന്നും ഓർക്കൽ ംരം മാസികക്കു രണ്ടായിരം വരിക്കാർ ഉണ്ടായിരുന്ന എന്നുമുള്ളതു് വിസ്മരണീയമല്ല. 'വൈദികൻ' അന്ത്യ തിരുവന്തസ്സു പൂത്തിയാക്കി വിശ്രമിക്കയാണപ്പോൾ. വിശ്രമം, നിവ്വാണപ്രാപ്തിയല്ലെന്നും അതു്, പൂവ്വാധികം ഉജ്ജ്വലപ്രഭമായ പുനരാവിർഭാവത്തിനു തയ്യാറാകുന്നുണ്ടെന്നും ഓർമ്മിക്കേണ്ടതാണ. കാലത്തിനനുസരണമെന്നേ 'വൈദിക'നെ കാലോചിതനും, ദേശോചിതനും വീരോചിതനുമാക്കി, 'എങ്കിലും ലൌകികം വേണം വൈദിക' നെന്നുള്ള നിലയിൽ വൈദികലൌകിക ശാസ്ത്രോത്ഭിതനായി, കേരളീയ സാഹിത്യ മണ്ഡലത്തിലേക്കിറക്കി വിടുവാൻ വേണ്ട ശ്രമങ്ങൾ അതിൻറെ പ്രവർത്തകനായ മല്ലാനച്ചൻ ചെയ്യുന്നുണ്ടെന്നറിയുന്നതു ഏതു ഭാഷാഭിമാനിക്കും സന്തോഷപ്രദമായിരിക്കുമല്ലൊ. ഫിപ്രേപീക്ഷിതമായ 'വൈദിക' പുനരുദ്ഭവത്തെ നമുക്കു സർവ്വാത്മനാ ഫലപ്രദമാകുവണ്ണം പ്രാർത്ഥിക്കാം.

തീർത്ഥയാത്ര.

മല്ലാനച്ചന്റെ ജീവിതകാലത്തെ വലിയൊരാശ തിരുസ്ഥലങ്ങളെ സന്ദർശിക്കണമെന്നും ക്രൈസ്തവ സാമ്രാജ്യ തലസ്ഥാനത്തു പോയി മാപ്പുശുദ്ധ തിരുമേനിയെ കാണണമെന്നുമായിരുന്നു. റോമായാത്രയുടെ മുഖ്യോദ്ദേശ്യം കേരളീയ സുറിയാനിക്കാർക്ക് ദീർഘകാലം ബന്ധമറ്റുപോയി ലഭിച്ചിട്ടില്ലായിരുന്ന ഒരു സഹായത്തിന്റെ ലാഭമായിരുന്നു. അതു രഹസ്യമൊന്നുമല്ല. നാട്ടിൽത്തന്നെ 'തക്സാ' അച്ചടിപ്പിക്കുവാനുള്ള അനുവാദമെങ്കിലും ഇതിലേക്കു വേണ്ട ശ്രമങ്ങൾ നടത്തുകയും പരേതനായ നി. വ. ദി. ശ്രീ. ഉവീസ മെത്രാനച്ചനോടുമിച്ചു റോമായ്ക്കു പോയ്, തിരുസംഘത്തോടു നേരിട്ടാവലാധി പറഞ്ഞു അനുവാദം വാങ്ങി, ഏതപേക്ഷയ്ക്കായി നേരിട്ടുകൊണ്ടിരുന്ന വിവിധാനർത്ഥങ്ങളെ പരിഹരിക്കയുംചെയ്തു.

ന. മ. ൯ ഒരു യാത്രക്കേമമായി കഴിച്ചുകൂട്ടിയതോർത്താൽ അത് പ്രത്യേകം ശ്രദ്ധാഗ്രഹണമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു യാത്രാമുഖത്തിങ്കൽ അദ്ദേഹം കേവലം രോഗാതുരനായിരുന്നു. തൻമൂലം മറവുള്ളവരും വിശിഷ്യാ മെത്രാനച്ചനും യാത്രയെ ആദ്യം ഒട്ടും അനുകൂലിച്ചതില്ല. മാത്രവുമല്ല, ഒരു നല്ലതുക വഴിച്ചിലവിലേക്കാവശ്യപ്പെട്ടതും മ. നെ അല്പം ക്ലേശിപ്പിക്കാതിരുന്നില്ല. തന്റെ ദീർഘമായ ആശ്രമസാമ്പത്തിൽ ബദ്ധകങ്കണനായിരുന്ന ന: മ: ൯പ്രാതികൂല്യങ്ങളെ തൃണവൽ ഗണിച്ചുകൊണ്ട് യാത്രയ്ക്കു തയ്യാറായി. മദ്ദേഹത്തിനു മാത്രമല്ലോ രോഗശമനം പ്രാപിച്ചെന്നുമാത്രമല്ല, പൂർണ്ണാരോഗ്യവും ലഭിച്ചു. (ഈ യാത്രയിൽ മാർ ഉവീസ മെത്രാനച്ചന്റെ അനുചരന്മാരായി, കുട്ടിച്ചിറ ശ്രീ. റോമാച്ചനും (ചങ്ങനാശ്ശേരി മെത്രാൻ) കൊച്ചു ചാണ്ടിയച്ചനും ന. മല്ലാനച്ചനും ഉണ്ടായിരുന്നു. നമ്മുടെ സിംഹാസനമായ മന്ദിരത്തിന്റെ ഓരോ തൂണുകളായ ഈ മഹാനുഭാവന്മാരുടെ കൂടെയുള്ള യാത്ര എത്ര ഹൃദ്യവും ഗൌരവാവഹവും, മംഗളപ്രദവുമായിരുന്നിരിക്കണം.) മെസീന, നാപ്പോളി, വെനീസ് തുടങ്ങിപട്ടണങ്ങളും മല്ലാൻ സന്ദർശിച്ചു.

സമാധാന തല്പരത! മല്ലാനച്ചന്റെ യാത്രാസന്ദർഭത്തിൽ ചങ്ങനാശ്ശേരി മിസ്സം കുഴപ്പിത്തായിരുന്നു: ഭാഗ്യവശാൽ മൂർദ്ധന്യത്തിലെത്തിയിരുന്നു. വേറൊരു മെത്രാനെ കിട്ടുവാൻ വടക്കുംഭാഗം ഇനിയും നിലവിളിച്ചിരുന്നു. ഈ വെളയിൽ, മല്ലാനച്ചന്റെ റോമായാത്ര, ഏതൽക്കാല്യ സാമ്പത്തിനുകൂടി ഉടച്ചുമാറുന്നപക്ഷം യാത്രച്ചിലവു് സമുദായത്തിൽനിന്നു നർക്കാമെന്നുംമറും പലരും നിർബന്ധപൂർവ്വം പറഞ്ഞെങ്കിലും അദ്ദേഹം ഇതിനു വഴിപ്പെട്ടില്ല. കടം പാടുള്ളതെ ചിലവു അനായാസേന ലഭിക്കുമെന്നിരുന്നിട്ടും തന്റെ സാമാന്യ തല്പരതയും അപക്ഷപാതിപത്തിയും പ്രസ്തുത സൌജന്യത്തെ നിരസിക്കുവാൻ മ: നെ നിർബന്ധിച്ച എന്നുള്ള സംഗതി അദ്ദേഹത്തിന്റെ പരിപക്വ സഭാവത്തിന്റെ ഒരടയാളമായിരിക്കുന്നുണ്ടല്ലൊ.

കത്തോ: സാമ്രാജ്യ തലസ്ഥാനനഗര സന്ദർശനവും അവിടെയുള്ള വിവിധ തീർത്ഥസ്ഥാനവണക്കവും മ. ന്റെ ജീവചരിത്രത്തിൽ സവിശേഷപ്രധാനമായ ഒരു ഘട്ടത്തെ രേഖപ്പെടുത്തിയിരിക്കുന്നു. ഉദ്ദിഷ്ടസിദ്ധനായി മല്ലാൻ സ്വഭവനം തിരിച്ചെത്തിയതും അചിരേണ തന്റെ സ്വന്ത അച്ചടിശാലയിൽ തയ്യാറായതും ഏതു ചാരിതാർത്ഥ്യജനകവും അഭിമാനകരവുമാണു?

ഇതര പരിശ്രമങ്ങൾ.

ഈ വൈക്ലബ്യത്തിലും നിസ്സഹായ സ്ഥിതിയിലും അങ്ങുമിങ്ങും ഉദ്യോഗം രാജി വെച്ച് നിർവ്വണ പ്രാപ്തരെന്നവണ്ണം ഏകാകികളായി കാലയാപനം ചെയ്യുവരുന്ന വൈദികരുടെ ആത്മികവും ലൌകികവുമായ ഉപരി സംരക്ഷണയെ ഉദ്ദേശിച്ച് ഒരു സംഘം സ്ഥാപിതമാവുക ചിരകാലപ്രതീക്ഷിതവും അവശ്യാനുമോദനീയവുമായിരുന്നു. ഉദ്ദിഷ്ട സിദ്ധിക്കു ശ്രമകരമായ ദൈവത്തെ ശമനമല്ലാതെ ഗത്യന്തരമില്ലാതേയുമിരുന്നു. മഹത്തായ ഈ ഉദ്യമം ആരംഭിക്കുന്നതിനുള്ള ആത്മ വിശ്വാസവും സ്ഥിരോത്സാഹവും സ്വാർത്ഥത്യാഗവും ന. മ. നു ഇന്നുശ്വര ഞ്ഞായി എന്നുള്ളതു് മനസ്സിലാക്കാം.

തിരുഹൃദയ പ്രേഷകസംഘം.

ഈ വിശിഷ്ട നാമത്തിൻ ശ്രുതീകൃതമായി വരുന്ന വൈദിക സംഘം കേവലം ഒരു വയോധിക സംഘമോ അപ്രസരിപ്പോട്ടുകിടിയ ഒരു അനായാസ ജീവിതരീതിയൊരു ഹാസ്യ ജീവിതമാണ്ടുമാ ആണെന്നാരും ധരിക്കരുതു്. മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ ഉഷ്ണീതയോടുകൂടി വേലചെയ്യാൻ തുണിയുള്ള മതസഹിഷ്ണുരാണ മിക്ക അംഗങ്ങളും. പുണ്യവും ജ്ഞാനവുമുള്ള പല യുവ വൈദികരും ഒരു സംഘത്തിൽ ചേർന്നഴിഞ്ഞിരിക്കുന്നു. ഒരു വന്യ വൃദ്ധസംഘത്തിന്റെ വിശ്രമമാണിതിന്റെ ഉദ്ദേശ്യമെന്നു് ഒരു പൂർവ്വപക്ഷം അകാരണമായിട്ടല്ലെങ്കിലും അടിസ്ഥാന രഹിതമായിട്ടു വ്യാപിച്ചിട്ടുണ്ടു്. എന്നാൽ ഒരു സംഘത്തിന്റെ മുഖ്യോദ്ദേശ്യം വേഷപ്രചാര വേഗതയും ഏതുഭാര ലാഘവപ്രമാകുന്നു. കേവലം ശൈശവാവസ്ഥയിലിരിക്കുന്ന ഒരു സംഘത്തിന്റെ ലക്ഷ്യത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാനും തദ്വാരാ കേരളീയ കത്തോലിക്കസഭക്കു നിരവധി ക്ഷേമൈശ്വര്യങ്ങൾക്കു ഹേതുഭൂതമാകുവാനും ഈശ്വരകടാക്ഷമുണ്ടാകുമാറാകട്ടെ!

ശ്രദ്ധേയമായ ഒരുദ്യമം. മാതൃഭാഷയിൽ ഇതേവരെ കത്തോലിക്കാ വേദപുസ്തകം ഉണ്ടായിട്ടില്ലെന്നുള്ള പരിതാപകരമായ വാസ്തവം ഏതു ഭാഷാഭിമാനിക്കും മതാഭിമാനിക്കും ഏറെയ സ്പർശിക്കുന്ന ഒരു സംഗതിയാണല്ലൊ. ഏതൽ പരിഹരണാർത്ഥം മല്പനേച്ചന്റെ മുഖ്യ ശ്രമത്താൽ, സുറിയാനി, ലത്തീൻ, മലയാളം, ഇംഗ്ലീഷ് മുതലായ ഭാഷകളിൽ വ്യൽപന്നന്മാരായ പല യോഗ്യന്മാരേയും ചേർത്തു ഒരു കമ്മറ്റി സംഘടിപ്പിക്കപ്പെടുകയും ഏതത്സംബന്ധമായി വേണ്ട ശ്രമം നടക്കുകയും ചെയ്തിട്ടുള്ളതു് പലർക്കും അജ്ഞാതമല്ലായിരിക്കണം. എന്നാൽ നിർഭാഗ്യവശാൽ, പരിശ്രമവൈഫല്യത്തിൽ ഉണ്ടായ ആലോചനാവ്യാസത്താൽ ഒരു ഉദ്യമം ഒരു നിശ്വാസശബ്ദമായിരിക്കയാണു. ഹസ്തപ്രായമായി എന്നവിധം കാണപ്പെട്ട ഒരു ഗംഭീര ശ്രമത്തിനു വിഘ്നതമായിത്തീർന്നകാരണം ഒരു സമുദായത്തെ പത്തുഞ്ചപിപ്പിക്കുന്നെങ്കിൽ അതു പരിതാപകരംതന്നെ. സമുദായാധ്യക്ഷന്മാരുടെയും പ്രമാണികളുടേയും അഭിമാനവും കായ്ജ്ഞതയും പ്രസ്തുതാവസ്ഥയെ ഭഞ്ജിപ്പിക്കുമെന്നും അഹിതേന അഭിസന്ധിമായ ഒരു ശ്രമം പൂർത്തിയായി സമുദായത്തിനും കൈരളിക്കും അനശ്വരാനുഗ്രഹമായി അമൂല്യ സമ്പത്തായി പരിണമിക്കുമെന്നു നമുക്കു വിശ്വസിക്കാം.

* സെൻറ് തോമസ് പബ്ലിഷിങ്ങ് സൊസയിറ്റി. *

അനേക നന്മകളെ വാഗ്ദാനം ചെയ്തുകൊണ്ടു പ്രത്യക്ഷപ്പെട്ടിരിക്കുന്നൊരു സ്ഥാപനമാണിതു. ഒരു മഹോദ്യമത്തിൽ നമ്മുടെ മല്പനും യാവജ്ജീവം യത്നിച്ചുവരുന്നു എന്നു മാത്രമല്ല, അതിന്റെ പ്രേരകൻ ഭാവത്തിനു മുഖ്യ കാരണപുരുഷനും മല്പനേച്ചൻതന്നെ.

ഇപ്രകാരം നമ്മുടെ മല്ലാനച്ചൻ മുൻ നിന്നാരംഭിച്ചിട്ടുള്ള 'നാനാസാമുദായിക കൊടുമുടികൾ എല്ലാംതന്നെ ശ്ലാഘനീയങ്ങളും ശാശ്വത സ്മരണീയങ്ങളുമാണ്. എന്നാൽ ഇവയുടെ വിജയവും നിലനിൽപും പൂർവ്വാധിക നന്മയും ഇതര സമുദായാംഗങ്ങളേയും ശിഷ്യഗണങ്ങളേയും ആശ്രയിച്ചിരിക്കുന്നു എന്നുള്ളതിനാൽ ഒരു നാഴികയും ഒരു നാഴികയിൽ പ്രസ്താവിക്കാതെ ഗത്യന്തരമില്ല.

ദിനചര്യ. "ഇദ്ദേഹം കൃത്യനിഷ്ഠയിൽ ഒരു പുരാതനനെപോലും അതിശയിക്കുന്നു." എന്ന് ഒരു ബി. ഏ. വിദ്യാധാരി മല്ലാനെ സന്ദർശിച്ചസമയം ഒരു എഴുത്തുകാരനോടു പറകയുണ്ടായി. ഇത് ഒരു മഹാ പരമാർത്ഥം മാത്രമാണ്. കൃത്യനിഷ്ഠ ഒരുവനെ സർവ്വപ്രാപ്തനാക്കുന്നു എന്നുതന്നെ പറയാം. ഇതൊന്നാണ്, വൈദിക കർത്തവ്യങ്ങൾക്കും പുറമെ ഇതരവളരെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ മല്ലാനെ ശക്തനാക്കുന്നത്. ഇദ്ദേഹത്തെപ്പോലെ നാമും സമയത്തിന്റെ വിലയെ ഗ്രഹിച്ച പ്രവർത്തിക്കുന്നെങ്കിൽ നമ്മുടെ സമുദായത്തിന്റെ പല ആവശ്യങ്ങളും ഇപ്പോൾ പരിഹൃതങ്ങളായേനെ. സമയത്തിന്റെ ഒരോ അംശങ്ങളും മല്ലാന്റെ കൈവശം ഒരു പൊതുക്കായ് നിർവ്വഹണമത്രേ. നിരുത്സാഹിയായൊ കാര്യവിചാരരഹിതനായൊ സ്വസുഖമാത്ര തല്പരനായൊ അദ്ദേഹത്തെ ആരും കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ജോലിയില്ലാതിരിക്കുന്നതാണദ്ദേഹത്തിനു അസഹ്യം. അദ്ദേഹത്തിന്റെ ആയുഷ്കാലത്തിലെ അതിത വർത്തമാന ഘട്ടങ്ങൾ: വിദ്യാശാല (ക്ലാസ്സു)യിലും അച്ചടിശാലയിലും, പ്രാർത്ഥനാശാലയിലും (കപ്പേള) പൊതുക്കായ്യാലോചനയിലുമായി കഴിഞ്ഞിരിക്കയും കഴിക്കയും ചെയ്യുവരുന്നു.

1. പ്രാർത്ഥനാലയം: കപ്പേള. ഒരു വൈദികന്റെ മുഖ്യ കൃത്യമെന്നല്ല, അയാളുടെ ശ്വാസോച്ഛ്വാസങ്ങൾക്രമേ ദൈവ സ്തോത്രവും നമസ്കാരവുമായിരിക്കണമെല്ലൊ. നമസ്കാരം ആത്മാവിന്റെ ജീവനാണ്. "നല്ലവണ്ണം നമസ്കരിക്കുന്നവനു നല്ലവണ്ണം ജീവിക്കുന്നതിനും അറിയാം." എന്നുണ്ട മഹാനായ ആഇസ്ഹാനോസപുണ്യവാൻ സമർത്ഥിച്ചിട്ടുള്ളത്. ഒരു തത്വം മല്ലാനിൽ യഥാർത്ഥീഭവിച്ചിരിക്കുന്നു എന്നുപറഞ്ഞാൽ മതിയല്ലൊ. അതിരാവിലെ ഉണർന്നു നമസ്കരിക്കുക, ധ്യാനിക്കുക, ബലി അർപ്പിക്കുക, കൃതജ്ഞതാ സ്തോത്രം കഴിക്കുക ഇവമുതലായ സുകൃതാഭ്യാസങ്ങൾ രാവിലെ നിർവ്വിഘ്നം നടക്കുന്നു(കാപ്പിയും കഴിക്കുന്നു) മദ്ധ്യാഹ്നമായാലുടൻ ആത്മശോധനയായി (ഉണ്ണായി, ഉറക്കമായി, തേകുടിയായി) കാനോൻ ജപങ്ങൾ എത്തിക്കയായി. കൃത്യം മണിക്കു വിശ്രമം. സന്ധ്യാസമയം ധ്യാനം, കൊന്ത, വിസീത്ത, ഇത്യാദി സുകൃതാഭ്യാസങ്ങൾ നിർവ്വഹിക്കപ്പെടുന്നു. (ഗുഡ് നൈറ്റ്, ഗുഡ് നൈറ്റ്) മണി ൯ എന്നടിച്ചാൽ ആത്മശോധനയും ശയന നമസ്കാരവും ആയി. അനന്തരം നിദ്രയും ആരംഭിക്കുന്നു. കൃത്യം രാവിലെ ൬ മണിക്കു ഉറക്കം ഉണരുകയായി. ഇതിന് ഒരിക്കലെങ്കിലും ഭംഗംവരുന്നതുമല്ല "Early to bed and early to rise makes a man healthy, wealthy and wise" എന്നാണല്ലൊ ആപ്തവചനം.

2. വിദ്യാലയം. മല്ലാനച്ചന്റെ ക്ലാസ്സ് ഇതര ക്ലാസ്സുകൾക്ക് ഒരു മാതൃകയാകുന്നു. പൂർണ്ണമായ നിശബ്ദതയും അനന്യാർത്തമായ ശ്രദ്ധയും ഫലിതസമ്മിശ്രമായിതന്നെ കണ്ടുകിട്ടുന്നു. മല്ലാൻ കർമ്മഖണ്ഡം വായിപ്പിക്കുവാൻ തുടങ്ങിയ്യ ഇന്നൊ ഇന്നലെയൊ അല്ല. സംവത്സരം ൨൫ പൂർത്തിയായി. തഴക്കത്താൽ സാമാന്യേന ഉത്കൃഷ്ടമാകുന്ന മുഷിച്ചിലാകട്ടെ, നാനാത്വ പ്രതിപത്തിയാലുളവാകാവുള്ള അസ്ഥിരതയാകട്ടെ, മല്ലാനെ അശ്ലേഷം ബാധിച്ചിട്ടില്ല. ക്ലാസ്സു തുടങ്ങുവാൻ മണി കൊട്ടിക്കഴിയുമ്പോൾ അദ്ദേഹം സന്നിഹിതനാണ്. അപ്രകാരംതന്നെ ക്ലാസു നിർത്തുവാനുള്ള മണി അടിച്ചാൽ ഉടനെ പാഠവും നി

ത്തിക്കഴിയും. സ്വയം ശ്രമമെന്ത അദ്ദേഹം കാക്കുന്നു. തന്നിമിത്തം അദ്ദേഹത്തെ ശ്രമവും കുറയുന്നു. അത്ഥവത്തായ മാലിതപ്രയോഗത്താൽ ക്ലാസ് സമയം ഉന്മേഷമയവും ആഹ്ലാദപ്രദവും ആയിരിക്കുന്നു. അദ്ധ്യാപകന്റെ ഗൌരവവും കായ്ക്ഷോഭവും ശിഷ്യരിൽ അനുസരണയും ബഹുമാനവും വർദ്ധിപ്പിക്കുന്നു. ഇദ്ദേഹം പഠിപ്പിക്കുന്ന വിഷയത്തിന്റെ സ്വഭാവം വിചാരിച്ചാൽ ഇതര വിഷയങ്ങളെക്കാൾ തുലോം രസഹീനവും മന്ദവും ആയ സ്വഹേതുകവുമാണ്. എന്നിട്ടും, ഇത്ര ലീഡ്ല കാലമായിട്ടും, പൂർവ്വാധികം ശ്രദ്ധാപൂർവ്വമായോ യുണ്ട മല്ലൻ സ്വകൃത്യ നിർവ്വഹണം പാലിച്ചു പോരുന്നതു്.

3. അച്ചടിശാല. ഒരംശരഭക്തനും ഉപാദ്ധ്യായനുമായ മല്ലനെ കണ്ടു കഴിഞ്ഞു. ഇനി മുദ്രാലയ പ്രവർത്തകനെന്ന നിലയിലും അദ്ദേഹം ശ്രേഷ്ഠനാകയാൽ അതിനിയിലേക്കുകൂടി ഒന്നുശ്രദ്ധിക്കുവിലോകനംചെയ്യാം. മല്ലനച്ചനെ കാണാനിടയില്ലാത്തവർ, അദ്ദേഹത്തെ കപ്പേളയിലൊ, ക്ലാസ്സുമുറിയിലൊ കാണാത്തപക്ഷം അച്ചടിപ്പുരയിൽ അന്വേഷിച്ചാൽ മതി. ഓരോ നിമിഷവും അദ്ദേഹം ജോലി നോക്കുന്നു എന്നതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. എപ്പോൾ അല്പസമയം സ്വാധീനമാകുന്നുവൊ അപ്പോൾ ഏതെങ്കിലും ഒരുപകാരപ്രവൃത്തി നിർവ്വഹിക്കപ്പെടുന്നു. ഇത്ര ശ്ലാഘനീയമായ ഒരു പരിശ്രമശീലം അദ്ദേഹത്തിന്റെ കായമനോവാക്കു് ശുദ്ധിയെ സംരക്ഷിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ 'മടിയന്റെ മാനസം മുടിയന്റെ ആസനം' – "An idle mind is the work-shop of devile" എന്നാണല്ലൊ അഭിജ്ഞവാക്യം. ഒരു സ്ഥിതിക്കു അന്യാദൃശ്യ പരിശ്രമശീലനായ മനുഷ്യന്റെ മനസ്സു ദൈവത്തന്റെ വ്യവസായ ശാലയായിരിക്കുമതിൽ അതിശയിപ്പാനില്ലതന്നെ.

അച്ചടിശാലയിലെ തൊഴിൽ മനുഷ്യന്റെ ക്ഷമയേയും ജാഗ്രതയേയും എത്രമാത്രം പരിശോധിക്കുന്നു ഒന്നാണെന്നു പലർക്കും അറിവില്ല. 'അച്ചുപിശാചു'ക്കളുടെ കായ്യം തന്നെ ഓർത്താൽമതി. അടിക്കുന്ന സകല പുസ്തകങ്ങളും 'പ്രൂഫ്' തിരുത്തുന്ന ജോലി വളരെ ശ്രമാവഹമായതാണ്. അസാമാന്യ ക്ഷമാപുണ്യമില്ലാത്തവൻ ഒരിക്കലും ഒരു പ്രവൃത്തിശരിയായി നിർവ്വഹിക്കുന്നതല്ല. മല്ലനച്ചന്റെ അച്ചടിശാലയുടെ ഉടമസ്ഥനും മാനേജരും സൂപ്രണ്ടും ചിലപ്പോൾ പണിക്കരനും മല്ലൻ ഏകൻതന്നെ. ഏകനായി ഒരു പ്രസ്സിന്റെ സകല കായ്ങ്ങളും അന്വേഷിച്ചു കൊണ്ടുപോകുന്നതിൽ ഇദ്ദേഹം അനുഭവിച്ചിട്ടുള്ളതും അനുഭവിക്കുന്നതുമായ ബുദ്ധിമുട്ടുകൾ എത്ര അധികമായിരിക്കണം. പ്രത്യേകിച്ചു സൂര്യനാണി അക്ഷരങ്ങളുടെ പുള്ളിയും കുത്തും മാറും നോക്കി തിരുത്തുന്നതിനു നേത്ര ക്ലേശവും ഉത്സാഹമത്രെ. തരാതരം സൂര്യനാണി അച്ചുകൾ വാങ്ങിക്കുക, വിവിധതരം ശ്രദ്ധങ്ങൾ ചമയ്ക്കുക മുതലായവയും പിശിഷ്യും സ്മരണീയങ്ങളാണ്. അനവദ്യായ ദിനങ്ങളിലും വിശ്രമ സമയങ്ങളിലും മല്ലൻ അച്ചുനിരത്തിക്കൊണ്ടു പ്രസ്സിൽ കാണപ്പെടുന്നതു് അലസന്മാരെ ലജ്ജിപ്പിക്കുമെന്നു നിസംശയം പറയാം.

മുദ്രാലയ മുറ്റത്തെ ദിവസത്തൊഴും ഏറ്റവുമായ ഒരു കാര്യം പ്രത്യക്ഷപ്പെടുന്നതാണു സർവ്വോപരി പ്രസ്താവയോഗ്യം. അതു മറ്റൊന്നുമല്ല, ഒട്ടുവളരെ അഗതികളുടെ സംഘമാണു്. ഇവരാൽ പരിവൃതനായ മല്ലൻ ഗണ്യമായ ഒരു തുക എല്ലാ ആഴ്ചകളിലും ധർമ്മം കൊടുക്കുന്നതു കണ്ടാൽ ഏതു ലുബ്ധനും ഇളകി വശംകെടും. തന്റെ കായ്ക്കുള്ള പല പ്രാവശ്യം മിക്കപ്പോഴും അഗതികളായ കുട്ടികളുടെ ക്ഷുത്തിനെ ശമിപ്പിക്കുന്നു. നാനാഭാഗത്തേക്കുള്ള തന്റെ ധനവ്യയത്തിനും പുറമെ സഭ്യത്തിൽ അക്ഷയനിധി സമ്പാദിക്കുന്നതിലും മല്ലൻ ബദ്ധകങ്കണനായിരിക്കുന്നു. രാവിലെയുള്ള ധർമ്മം അർഹിക്കുന്നതു് കുമ്പസാരത്തിനുശേഷമാണു്.

കാണികൾ ആരെന്നുള്ള ഒരു വിശേഷം മല്ലാന്റെ കാര്യത്തിൽ സ്മരണീയമായിട്ടുണ്ട്.

മല്ലാനെ പ്രാർത്ഥിനാതല്ലരനെന്ന നിലയിലും (ടൈവഭക്തൻ) ഉപാദ്ധ്യായൻ എന്ന നിലയിലും, പ്രസാധകൻ എന്ന നിലയിലും ഇപ്പോൾ കണ്ടുകഴിഞ്ഞു. അദ്ദേഹത്തിന്റെ രഹസ്യ ജീവിതത്തിലും (പ്രയിവറ മുറിയിലും) അദ്ദേഹം ഏതുവിധത്തിലും അനുകരണീയനാണ്. ആകപ്പാടെ ഇദ്ദേഹം ഒരു ആശ്ചര്യചരിതനായ വൈദികൻ. (A gentle-man priest) എന്നു ഒറ്റവാക്കിൽ പറഞ്ഞവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

ഈ സമുദായ സ്നേഹിയുടെ ആയുരാരോഗ്യാദികൾക്കായി നമുക്കു പ്രാർത്ഥിക്കാം. ഇദ്ദേഹത്തിന്റെ ചരിത്രമങ്ങൾ സഫലീഭവിക്കട്ടെ! ശിഷ്യഗണം ഇദ്ദേഹത്തിന്റെ ഗുണങ്ങൾ തങ്ങളിലേക്കു പരിച്ചു നടട്ടെ. സർവ്വജ്ഞനായ ജഗദീശ്വരൻ ഇദ്ദേഹത്തിനു ഇഹപര ഭാഗ്യങ്ങൾ നൽകുവാൻ സംഗതിയാകട്ടെ. കർത്തൃയായ കത്തോലിക്കാസഭയുടെ പ്രാർത്ഥനയും സഫലീഭവിക്കട്ടെ. "ഇദ്ദേഹത്തെപ്പോലെ ഏടയപൂർവ്വവും അകൈതവമായി സഭ സമുദായത്തെ സ്നേഹിക്കുന്നതിനു സന്നദ്ധരായ പട്ടക്കാർ നമ്മുടെയിടയിൽ വർദ്ധിച്ചു കാണൻ ദൈവം സംഗതിയാകട്ടെ."

(വെള്ളരിങ്ങാട്ടു ജേക്കബ്. കെ:)

ജൂബിലി മഹോത്സവം.

മല്ലാൻ പെ ബഃ കളപ്പുരക്കൽ അന്ത്രയോസച്ചൻ അവർകളുടെ തിരുപ്പട്ടാഭിഷേകത്തിന്റെയും മല്ലാൻ പദാരോഹണത്തിന്റെയും രജതജൂബിലി പെ ബഃ മൂപ്പച്ചന്മാരുടെ സഹകരണത്താലും അദ്ദേഹത്തിന്റെ ശിഷ്യരായ ബഃ വൈദികരുടെയും വൈദിക വിദ്യാർത്ഥികളുടെയും പ്രത്യേക ഉത്സാഹത്താലും തന്റെ സ്ഥിരവാസസ്ഥലമായ പുത്തൻപള്ളി സെമ്മിനാരിയിൽവച്ചു അങ്ങേ നാമകാരണനായ വി. അന്ത്രയോസ് ശ്ലീഹായുടെ തിരുനാൾ ദിവസം ഡിസംബർ മാ ാംന- വരെ ആഘോഷമായികൊണ്ടാടപ്പെട്ടു. മുമ്പേ കൂട്ടിതയാറാക്കപ്പെട്ടിരുന്ന കാര്യപരിപാടി അനുസരിച്ചു ജൂബിലിയുടെ തലേദിവസമായ ഡിസംബർ തീയതി നാലര മണിക്കുണ്ടായ ജൂബിലി പ്രഘോഷണത്തോടുകൂടി ആഘോഷമാരംഭിച്ചു. അതിനെ തുടർന്നു സെമ്മിനാരികപ്പേളയിൽവച്ചു ഒരു സുദിനാഘോഷം പ്രമാണിച്ചു ബഃ മല്ലാനച്ചൻ അവർകൾ തന്നെ വെസ്പര (Vespers) എന്ന ദിവ്യ കർമ്മവും ദിവ്യ കാരുണ്യ വാഴ്വും നടത്തുകയും ഏതൽ സന്ദർഭത്തിൽ ഒരു വലിയ ജനക്കൂട്ടം അതിൽ സംബന്ധിക്കുകയും ചെയ്തു. ഇതവസാനിച്ചപ്പോഴേക്കു മണിആറടിച്ചു. ഉടനെ ദീപക്കാഴ്ചയാണു ഇതിനെ തുടർന്നതു. സുദീപ്തവും രമണീയവുമായ സെമ്മിനാരി കെട്ടിടത്തിന്റെ എല്ലാ ജനലുകളിലും ചുറ്റുമുള്ള മതിലുകളിലും നിന്നു കത്തി ജ്വലിച്ച ദീപ പ്രകാശത്താൽ സ്ഥലവും പരിസരങ്ങളും

തേജോമയമായി തീർന്നതിനോടെ ഇദ്ദേശവാസികൾക്കും ഇതു ഒരു മഹോത്സവ ദിനമാക്കി ചെയ്യപ്പെട്ടു. ഇതെല്ലാം കഴിഞ്ഞതിനോടെ തലേ ദിവസത്തെ ചടങ്ങുകൾ ഒരു വിധത്തിൽ അവസാനിച്ചു.

മുപ്പതാംനാൾ- കാലത്തു ആറുമണിക്കു പെ: ബ: മല്പാനച്ചൻ അവർകളെ അദ്ദേഹത്തിന്റെ മുറിയിൽ നിന്നും മംഗള ഗാനങ്ങളോടും ബാൻറു തമ്പേറു ആദിയായ വാദ്യ ഘോഷങ്ങളോടും കൂടി കപ്പേളയിലേക്കു ഒരു ഘോഷ യാത്രയായി കൊണ്ടുപോകുകയും അവിടെ അദ്ദേഹം ആഘോഷമായ ഒരു ദിവ്യ പൂജ അർപ്പിക്കയും സെമ്മിനാരിക്കാർ എല്ലാവരും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും പൂജാനന്തരം നാം സുദിനത്തിലേക്കു പരിശുദ്ധ പിതാവിനാൽ അനുവദിക്കപ്പെട്ടിരുന്നതനുസരിച്ചു എല്ലാവർക്കും മാർപ്പാപ്പായുടെ അശീർവാദം നൽകുകയും ചെയ്തു. അനന്തരം ഉപകാരസ്മരണ കഴിഞ്ഞു, താളമേളങ്ങളോടും ഗാനങ്ങളോടും ദീപ്തിയുക്തമംഗളം മണി ബാൻറു വെടി ആദിയായ ആഘോഷ ചിഹ്നങ്ങളോടും കൂടി മല്പാനച്ചനവർകളെ കപ്പേളയിൽ നിന്നും ഘോഷയാത്രയായി സ്വന്തമുറിയിലേയ്ക്കു കൊണ്ടുപോയി. കപ്പേളമുതൽ മുറിവരെയുള്ള സ്ഥലങ്ങൾ തോരണങ്ങളാലും അർച്ചകൾ, കുലവാഴകൾ ആദിയായവകളാലും അലങ്കരിക്കപ്പെട്ടിരുന്നു. രണ്ടു പന്തിയായി ഏകദേശം നൂറൻപതിൽ പരം വൈദികരും വൈദിക വിദ്യാർത്ഥികളും മറനേകം ആളുകളും കൂടിയുള്ള ഈ ഘോഷയാത്രയുടെ സാരസ്യം ഏകദേശമായിട്ടെങ്കിലും പറഞ്ഞറിപ്പാൻ പ്രയാസം. പത്തു മണി ആയതിനോടു കൂടി എല്ലാവരും, തോരണങ്ങളാലും പലവർണ്ണ കൊടികളാലും പച്ചിലകളാലും സ്വാഗത വാക്യങ്ങളാലും മറു പലവിധ ചിത്രപ്പണികളാലും കമനീയമായി അലങ്കരിച്ച നാം സഭ്യത്തിലേയ്ക്കു സജ്ജീകൃതമാക്കപ്പെട്ട വിശാല ഹാളിനെ ലാക്കാക്കി അതി കുതൂഹലരായി നടന്നു തുടങ്ങി. അവിടെ ചേതോഹരമാംവണ്ണം അലങ്കരിച്ചിരുന്ന അഗ്രാസന മണ്ഡപത്തിൽ അദ്ധ്യക്ഷൻ അഡ്മിനിസ്റ്റേറേർ പുതുശ്ശേരി പെ ബ: അന്തോനി അച്ചനവർകളും, ബ: ജൂബിലേറിയൻ, മെത്രാനാരുടെ പ്രതിനിധികളും ആദിയായവരോടു കൂടി സദസ്യരുടെ ദീപ്തമായ ഹസ്താധ്വന മദ്ധ്യേ പ്രവേശിച്ചു ഉപവിഷ്ടനായി. അനന്തരം മംഗളദ്യോതകമായ ഒരു ഗാനത്തോടു കൂടി യോഗ നടപടികൾ ആരംഭിച്ചു. ഉടനെ ആക്ററിംഗ് റെക്ടർ പെ: ബ. ബെരാർഡ് അച്ചൻ അവർകൾ ഒരു സ്വാഗത പ്രസംഗം നടത്തി. അതിൽ അദ്ദേഹം ഇങ്ങനെ ഒരു ജൂബിലി ആഘോഷം നടത്തുന്നതിനു ഇടയായതിൽ അതിയായ സന്തോഷം ഉണ്ടെന്നും അതിൽ പെ ബ: അന്തോനി അച്ചനവർകൾ അദ്ധ്യക്ഷനായിരിക്കാമെന്നു സമ്മതിച്ചതിൽ അദ്ദേഹത്തോടു വളരെ കടപ്പെട്ടിരിക്കുന്നെന്നും മറും പ്രസ്താപിച്ചു. അതിനെ തുടർന്നു പെ: ബ: അദ്ധ്യക്ഷൻ അവർകൾ

ജൂബിലി സന്തോഷത്തെയും ഈ ജൂബിലി കൊണ്ടാടുന്നതിനു നമുക്കുള്ള കടമയെയും പെ: ബഃ ജൂബിലെറിയൻ അവർകളുടെ ശിഷ്യനായ തനിക്കു ഇതിൽ സംബന്ധിച്ച അഗ്രാസനാധിപത്യം വഹിക്കുന്നതിനു ഭാഗ്യം ലഭിച്ചതിനെയുംപറ്റി സരസവും ശ്രുതിമധുരവുമായ വിധത്തിൽ ചെയ്ത ഉപക്രമ പ്രസംഗാനന്തരം പരിശുദ്ധ പിതാവു പെ: ബഃ ജൂബിലേറിയൻ അവർകൾക്കു ഒരു മഹോത്സവാ വസരത്തിലേക്കു സമ്മാനമായി കല്പിച്ചനൽകിയിരുന്ന സ്വഹസ്ത ലിഖിതത്തോട് കൂടിയ അങ്ങെ ഛായാ പടവും ഒരു മെഡലും പെ ബഃ അദ്ധ്യക്ഷകൻ അവർകൾ തന്നെ അദ്ദേഹത്തിനു സമർപ്പിച്ചു. പിന്നീട് പരിശുദ്ധ പിതാവു, തിരുവിതാംകൂർ മഹാരാജാവു, വരാപ്പുഴരൂപതയുടെ മെത്രാപ്പോലിത്താ അവർകൾ, കൊല്ലം, ചങ്ങനാശ്ശേരി, എറണാകുളം, കോട്ടയം, മുതലായ മിസ്സങ്ങളിലെ മെത്രാന്മാർ, കമ്മ: ഒന്നാം സഭയുടെ ജനറാൾ, ശീമയിലായിരുന്ന വെ:റവ:റെക്ടർ, ക.നി.മു.സ. ജനറാൾ, പെ:ബഃ കൊച്ചാണ്ടിയച്ചൻ, കൽദായ പത്രിയർക്കീസിന്റെ പ്രതിനിധി പെ: ബഃ പൗലൊസ് ദാവിദ് അച്ചൻ ആദിയായവരുടെ അനുമോദന ലിഖിതങ്ങൾ സഭയിൽ വായിക്കപ്പെട്ടുകയാണുണ്ടായതു. വൈദികരുടെ വകയായും വൈദിക വിദ്യാർത്ഥികളായ സിറിയൻ, ലത്തീൻ ആദിയായവരുടെ വകയായും പ്രത്യേകം പ്രത്യേകം മംഗള പത്ര വായനയും, കാസാ, പണക്കിഴി, പുസ്തകം മുതലായവയുടെ സമർപ്പണവുമാണ് പിന്നീട് നടന്നതു. ഇതിനെത്തുടർന്നു മംഗളാശംസകമായ തുള്ളൽ, പദ്യോച്ചാരണം ആദിയായവ നിർവ്വഹിക്കപ്പെട്ടു. അനന്തരം ഒരു ജൂബിലിയുടെ സ്മാരകമായി 'ജൂബിലിമെമ്മോറിയൽ' എന്ന അഭിധാനത്തിൽ ഒരുപായനശാലതുറക്കുകയും അതിനോട് ചേർന്ന എണ്ണഛായത്തിൽ എഴുതപ്പെട്ട പെ ബഃ മല്പാനച്ചന്റെ ഒരു ഛായാ പടം സ്ഥാപിക്കയുമുണ്ടായി. പിന്നീട് കൃത്യാന്തരങ്ങളാലും മറ്റും സ്ഥലത്തു ഹാജരാകാൻ സാധിക്കാഞ്ഞവരായ പെ ബഃജോൺ ആലപ്പാട്ടു, ബഃ ഫാദർ ജോൺ പാലോക്കാരൻ, ഫാദർ ജോസേഫ് പഞ്ഞിക്കാരൻ, ഫാദർ ജോസഫ ചക്കങ്കൽ, പി: കെ: അന്തോനി കഃ ഫാ. കെ. ജെ. അബ്രാഹം, ഫാ. കോശി എൽ ടി:ആദിയായ അനേകം വൈദികരുടെയും, പാറായിൽ അവിരാത്തരകൻ, ജോൺ നിധിയിരി ബി. എ. ബി. എൽ, ററി, ജെ. മാത്യു ബി. എ. ബി. എൽ, സി. അന്തപ്പായി ബി. എ. ആദിയായ അനേകം മാന്യന്മാരുടെയും മംഗളാശംസാ കമ്പികളും എഴുത്തുകളും സഭയിൽ വായിക്കപ്പെട്ടു. ശിഷ്യ ഗണത്തിൽപ്പെട്ട അനേകം ബഃ അച്ചന്മാരുടെ കമ്പികളും കത്തുകളും ഉണ്ടായിരുന്നു. ചാലക്കുടി മുതൽ ചമ്പക്കുളം വരെയുള്ള മാങ്ങളിൽ നിന്നു മംഗള പത്രങ്ങളും ജ്ഞാന പൂക്കെട്ടുകളും ഒരു സന്ദർഭത്തിൽ ഇവിടെ എത്തിയിരുന്നു അനന്തരം മൂരിക്കൽ ബഃ തോമ്മാച്ചൻ, നടുവത്തുശ്ശേരി

ബഃ യാക്കോബച്ചൻ ആദിയായവർ ഓരോ ലഘു പ്രസംഗങ്ങൾ ചെയ്തുണ്ടായി. ജൂബ്ലേറിയൻ അവർകളുടെ മറുപടിയാണ ഇതിനെ അനുമോദിച്ചതു. (N) പ്രസംഗ മദ്ധ്യേ ജൂബിലി ഇത്രകേമമായി ഘോഷിക്കുന്നതിനുദ്യമിച്ചവരുടെ സന്മനസ്സിനും ഔദാര്യത്തിനും ഹാർദ്ദവമായി ഒരു തരുണത്തിൽ നവി പറയുന്നുവെന്നും താൻ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അതു ദൈവേഷ്ടത്തെയും തന്റെ കൃത്യ നിർവ്വഹണത്തെയും സഹോദരങ്ങളായ മലബാർക്രസ്ത്യാനികളുടെ ഗുണത്തെയും മാത്രം ആസ്പദമാക്കി ആണെന്നും ഇനിയും തന്നാൽ കഴിയുന്നതു പ്രവർത്തിക്കുവാൻ തയാറാണെന്നും തന്റെ പരിശ്രമഫലം ആരെങ്കിലും അനുഭവിക്കുന്നുവെങ്കിൽ അതിൽ തനിക്കു അതിയായ സന്തോഷം ഉണ്ടെന്നും മറുമൊഴി അനേകം സംഗതികളെ അധികരിച്ചു അദ്ദേഹം പ്രസ്താപിച്ചു. ഇതിനെ തുടർന്നു അദ്ധ്യക്ഷനവർകളുടെ ഉപസംഹാരം ആരംഭിച്ചു. രസാവഹവും സാരസംപൂർണ്ണവുമായ ആ പ്രസംഗത്തിൽ ജൂബിലേറിയനവർകളുടെ മഹാ മനസ്കതയും, പരഗുണകാരിതപം സ്വാർത്ഥ പരിത്യാഗം കൃത്യനിഷ്ഠ, എന്നിത്യാദി അനുകരണീയങ്ങളായ വിശിഷ്ട ഗുണങ്ങളെ പ്രശംസിച്ചും സമുദായത്തിൽ കുറച്ചു പേരെങ്കിലും ഇദ്ദേഹത്തെപോലെ മഹത്തരോദ്ദേശങ്ങളോടുകൂടി പ്രവർത്തിക്കുന്നതായാൽ സർവ്വത്ര ശുഭ പൂർണ്ണമായ ഒരു ഭാവിയെ നമുക്കാശിക്കാവുന്നതാണെന്നും മറുമൊഴികൾ സംഗതികളെ ക്രോഡീകരിച്ചിരുന്നു.

(ഒരു പ്രസംഗം ഒരു റിപ്പോർട്ടിന്റെ അവസാനത്തിൽ ചേർത്തിട്ടുണ്ടു)

ആഗ്രഹാനുസരണം അദ്ധ്യക്ഷ പദം സ്വീകരിച്ച സഭയെ മംഗളമാക്കിത്തീർത്ത പെഃ ബഃ അദ്ധ്യക്ഷനവർകളോടും ഒരു സുദിനത്തെ ആഘോഷമായി കൊണ്ടാടുന്നതിനുള്ള ആഗ്രഹത്തെ സദയം അനുവദിച്ചു തന്ന പെഃ ബഃ ജൂബിലേറിയൻ അവർകളോടും ഇദ്ദിനത്തെ ഭംഗിയാക്കി തീർക്കുന്നതിനുള്ള അതിയായ സന്തോഷത്തോടെ ക്ഷണം സ്വീകരിച്ച സദസ്സിനെ അലങ്കരിച്ച ബഃ വൈദികരോടും മാന്യന്മാരോടും ഒരു ജൂബിലി മഹോത്സവം ഇത്ര ആഡംബരമായി കഴിക്കുന്നതിനു സഹായിച്ച സകലരോടും കായ്യ നിർവ്വഹണ സിക്രട്ടറി അവർകൾക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുയും അനന്തരം പെഃ ബഃ അദ്ധ്യക്ഷൻ, മല്പാനച്ചൻ, റെക്ടർ ആദിയായവരെ ഹാരം അണിക്കുയും ചെയ്ത ശേഷം മല്പാപ്പാ മംഗളം പാടിയോഗം പിരിഞ്ഞു. പിന്നീട ഉച്ച കഴിഞ്ഞു നാലുമണിക്കു പരിശുദ്ധകുബ്ബാനയുടെ വാഴ്വും അതിന്റെ ശേഷം ഗ്രൂപ്പ് ഫോട്ടോ, മത്സരകളികൾ, കായിക വിനോദകൾ ആ

(N) മംഗള പത്രങ്ങളും മറും സുറിയാനി, ലത്തീൻ, ഇംഗ്ലീഷ്, മലയാളം ആദി ഭാഷകളിൽ ആയിരുന്നതുകൊണ്ടു; ജൂബിലേറിയന്റെ മറുപടിയും പ്രസ്തുത ഭാഷകൾ കൂട്ടികലർത്തിയായിട്ടായിരുന്നു.

ദിയായവ നടത്തപ്പെട്ടുകയുണ്ടായി. അനന്തരം രാത്രി ആറു മണിക്കു ഹെർമിജിൽഡ് എന്ന അതിരസമായ ഒരു ഇംഗ്ലീഷ് ഡ്രാമ ഭംഗിയായി അഭിനയിച്ചു. ആദ്യന്തം രസപൂർണ്ണമായിരുന്ന ഒരംഡ്രാമ അവസാനിച്ചപ്പോളുണ്ടായ ദിഗ്ഭ്രമമായ ഹസ്ത താഡനത്താൽ സദസ്യർ അഭിനയ കർത്താക്കളെ അഭിനന്ദിച്ചു. സകലരെയും ആനന്ദ സാഗര നിമഗ്നരാക്കിത്തീർത്തതരം അഭിനയം സർവ്വത്ര പ്രശംസാഹ്മാരിയിരുന്നെന്നു ചുരുക്കി പറവാനെ നിവൃത്തിയൊള്ളൂ. അനന്തരം പെ:ബ: ജൂബിലെറിയൻ അവർകൾ അഭിനയ കർത്താക്കളെ പ്രശംസിച്ചും അവക്കു നവി പ്രദർശിപ്പിച്ചും ഒരു ചെറിയ പ്രസംഗം നടത്തിയ ശേഷം അവക്കു ഓരോ മെഡൽ സമ്മാനിക്കയും ചെയ്തു. പിന്നീട മാപ്പിളപ്പാ മംഗളം പാടി ജൂബിലി മഹോത്സവം അവസാനിപ്പിച്ചു. ഇതിനു മുമ്പായി തന്റെ സ്വദേശമായ പാലായിലും, മുത്തോലിമാത്തിലും, അതിരമ്പുഴ, മാന്നാടി പുത്തനങ്ങളളി ആദിയായ പലസ്ഥലങ്ങളിലും വച്ചു രണ്ടു ജൂബിലി ഘോഷിക്കയുണ്ടായി യെന്നുള്ളതും പ്രത്യേകം സ്മർത്തവ്യമാണു.

പെ: ബ: കളപ്പുരക്കൽ അന്ത്രയോസ കത്തനാർ ഫ്രഞ്ചുകാരു മാച്ചു ഫർൽ പാലാ ഫോറോനായിൽ ജാതനായി. വന്നു ഡിസംബർ വ്യാകുലമാന്നാനം സെമിനാരിയിൽ ചേർന്നു. ൻറ ജൂനു. ഫാ മുതൽ പുത്തനങ്ങളളിയിൽ തത്വവേദശാസ്ത്ര പഠനം തുടർന്നു. ൻ൫ ഫെബ്രു. ഫർൽ സൂറിയാനി മല്പാനായി നിയമിക്കപ്പെട്ടു. മാച്ചു നവ. ഫർൽ ഉദ്ഘാപ്പെട്ട മേറ്റു. ഏപ്രീ ഫന്നു ൽ നവപൂജയണച്ചു. ൻറ ജൂലായി നാ ൽ മാർ തോമ്മാശ്ലീഹാ പ്രസ സ്ഥാപിച്ചു. ൻ൫ ഏപ്രീ ഫർ ൽ പ. പി. പത്താം പീയൂസു മാപ്പിളപ്പായുടെ തൃപ്പാദം ചുംബിച്ചു. ൻറ നവ. നാൽ പഞ്ചദശാബ്ദമാഘോഷിക്കപ്പെട്ടു. ൻറൻ മാച്ചു ൨൫ ൽ രണ്ടു ദി. ഫ്രേഷകസംഘം സ്ഥാപിച്ചു. ൻനാ മേയി ൩ ൽ പാലായിൽ വച്ചു സ്വദേശികളാലും നവ. നാ പു. സെമിനാരിയിൽവച്ചു സ്വ. ശിഷ്യരാലും ഉണാ കാംക്ഷികളാലും രജത ജൂബിലി സാഘോഷിക്കപ്പെട്ടു. ഇതു പ്രമാണിച്ചു പ. പി. പതിനഞ്ചാം ബെനെടിക്തോസ മാപ്പിളപ്പായിൽ നിന്നു മെഡലും സ്വഹസ്ത ലിഖിതത്തോടു കൂടിയ പടവും ലഭിച്ചു.

മംഗള ശ്ലോകങ്ങൾ.

സീമാതീതയശസ്സു പൂണ്ടുസുരിയാ
നിക്കുള്ള മല്പാൻ പരം
ശ്രീമാനായിടുമന്ത്രയോസഭിധയാൽ
വിഖ്യാതനാം വൈദികൻ
പ്രേമാവേശമിയന്നു ശിഷ്യനിരയിൽ
സുജ്ഞാനമേറിച്ചിരം
ക്ഷേമാഭോഗമോടിപ്പടിക്കു മലയാ
ളത്തിൽ പ്രശോഭിക്കണം. ക

ഭൂലോകത്തിനു മാനുഷന്റെ പിഴയാ
ലുണ്ടായ നിസ്തുല്യമാം
മാലോകിച്ച പരാപരന്റെ സുതനാൽ
പോട്ടച്ചരിച്ചുള്ളതാം
പേലോലും സുറിയാനി ഭാഷനിതരാം
ശോഭിക്കുമാറൊപ്പുഴം
താലോലിച്ചിടുമീമഹാശയ
നഭ്യസ്തംഭവ്യമെത്തീടണാം. ഖ

ഉള്ളത്തിൽ കളിയാടിടുംകിടപെടാ
ക്രൂരോട്ട കുഞ്ഞുങ്ങളെ
തള്ളക്കോഴികണക്കു ശിഷ്യനിരയെ
ക്കാത്തീടുമിസ്സത്തമൻ
വെള്ളപ്പട്ടിനുമൊട്ട കോട്ടമരുളും
മട്ടുല്ലസിക്കുന്നതാ
യുള്ളാക്കീത്തി ഭരത്തൊടൊത്തു വിജയി
ച്ചീടേണമെന്നാളിലും. ന

കോട്ടംകൂടാതെ ദേവാത്മജനിളയിലെഴു
ന്നെള്ളി നിർമ്മിച്ചതാകും
തോട്ടത്തിൽ ശ്ലോഹി ശീലിപ്പോരു നവഗുരു
വിദ്യാത്ഥിസാത്ഥത്തിനെല്ലാം
വാട്ടംകൂടാതെ വേദാദ്ധ്യയനമനുദിനം
നൽകി നിസ്സാമ്യമാം തൻ
നേട്ടംപോൽ പോറുമീ വൈദിക നനുപമമാം
മംഗളം ചേർന്നിടേണാം. ഴ

ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള

A. M. D. G.

PROGRAMME
of the cogratulatory
meeting and the dramatic
entertainment, under the auspicious presidency
of the Very Rev: Fr: Antony Pudichery Admi: of Trichur.
In Honour of
The Malpan Jubilarian
Very Rev· Fr. Andrew Kalapura.
30th November 1920·
Seminary Puthanpally.

CONGRATULATORY MEETING 9 A. M.

1. Swagathaganam
2. Welcome address
Very. Rev. Fr! Act. Rector.
3. Introductory speech from the
Very Rev· Chair.
4, Autograph of His Holiness and
presentation of the Meda·
5· Congratulatory letters from
the Superiors.
6. Address bythe former pupils
Offering of the Chalice and purse.
7. Address by the preset pupils.
8. Greetings by the Latinites.
9. Thullel-Slokas etc. etc. Mathew
Chennatt-
10. Opening of the Jubilee Memo.
rial Liberary and unveiling of
the portrait.
11. Telegrams and letters.
12. Free voice (for the guests)
13. Reply of the Jubilarian.
14. Reply from the Very Rev Chair
15. Thanksgiving.
16. Garlanding.
God bless the pope - L. D. V. M.
(Music at intervals).

PROGRAMME. Of The Drama.

1. Prologue
2. Hermigild ACT. I Toleo, Royal assembly room.
Scene 2. Seville, Hall in the Governor's palace.
,, 3. Street in Seville, evening.
3. ACT II-Scene 1· Camp before Seville, Night.
,, 2· Street in Seville, Night. 3. Battle, Visigoths' fighsing
4. AGT III-Scene 1. Woods. 2. Court room.
5. ACT IV-Antechamber of royal reception room·
6. ACT V-Castle of Ithaca·
7. Good Night· GOD SAVE THE KING.

CAST OF CHARACTERS.

LEOVIG. KING OF THE VISIGOTHS ... Cl. T. Parakunnel.

Hermigid. } Sons of Leovig. ... ... { Cl. G. Kattacherry.
Rocard. } { Cl. A. Thachuparam}

Count goswin Brother-in-law of Leovig and Chancellor of the Re
Cl. Jacob Lope

Argimund. Duke and Commander in-chief Cl. M. Vellapat.

Sisbert Count. } Ambassadors of the King ... { Cl. Thachil.
Agilan. Count. } { Cl. D'Cunja.

Roderic. Son of Goswin. Cl. Antony Pauvathil.

Boso. Royal Officer and former Tutor of Hormigild—Cl. S. Pattamana.

Utolf. Friend of Hermigild — Cl. Vattakandathil

Otulf. } Officers of the Visigoths. ... ... { Cl. J. Koipuram.
Agilulf. } { Cl. P. Alapatt.
Teias. } { Cl. J. Kaimaleth.

Claudius } Sevilian Officers ... { Cl. A. Chovalloor.
Valerius } { Cl. J. Olikel.
Commissius } { Cl A. Chemparathikal.
Quintus } { Cl. G. Pulikkan.

Fredegisel Peddler and Traitor — Cl. Jacob Kudiyirippil.

Beoulf. Blacksmith in Seville, Cl. P. Tekkekara.

Lieutenant. ... ... Cl. Cherian. Poothukaran,

Jailer. ... ... Cl. Cyriac, Kalaripparampil.

Officers: Soldiers Citizens Servants etc.

To The Very Rev. Father Andrew Kalapura Professor of Syriac
Apostolic Seminary, Verapoly *

Very Rev. and Dear Father,

It is with feelings of unmingled joy that we your past students have met here to day to offer our most hearty congratulations to Your Reverence, on the happy completion of the twenty fifth year of your professorship and priesthood, and to sing with you the hymn of thanksgiving : ܫܘܒܚܐ ܠܟ to the Almigity for all the blessings He has conferred on you during a life of Apostolic zeal and public usefulness *

It is no figure of speech to say that ever since it became known that this year marks the silver jubilee of your professorship, great enthusiasm has been prevailing amongst your beloved pupils both in and outside the seminary. And now that the long wished-for day has arrived,

genial and undounded is our joy. And we most cordially thank
. Father, for your condescension in allowing us to observe this
letter-day *

UGH it would not be possible to make a lengthy reference to all
you have been able to do in the past, yet we may be allowed to
